Circular No. 170
**New Pro Protosyncellus**
**& Syncellus**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 4-5-2015

പ്രിയ ബഹു അച്ചാ,

സഭാ നിയമമനുസരിച്ച് അതിരൂപതയിലെ സഹായമെത്രാനാണ് പ്രോട്ടോസിഞ്ചലൂസ്. എന്നാൽ നമ്മുടെ അതിരൂപതയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് നമ്മുടെ പ്രോട്ടോസിഞ്ചലൂസ് കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ താമസിച്ചുകൊണ്ട് മലബാർ റീജിയന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായ നേതൃത്വം നൽകുന്നതിനാൽ അതിരൂപതയുടെ എല്ലാ പ്രദേശങ്ങളിലും പ്രോട്ടോസിഞ്ചലൂസിന്റെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ അതിരൂപതയിൽ ഒരു പ്രോ പ്രോട്ടോസിഞ്ചലൂസിനെ നിയമിച്ചിരിക്കുന്നത്.

2009 മുതൽ നമ്മുടെ അതിരൂപതയിലെ പ്രോ പ്രോട്ടോസിഞ്ചലൂസായി സ്തുത്യർഹമായ സേവനം ചെയ്തുവന്ന മോൺസിഞ്ഞോർ ഇളപ്പാനിക്കൽ ബ. മാത്യു അച്ചൻ തൽസ്ഥാനത്തുനിന്ന് വിരമിക്കുന്നതിനാൽ 2015 മെയ് 15 മുതൽ പുതിയ പ്രോ പ്രോട്ടോസിഞ്ചലൂസ് ആയി നീണ്ടൂർ ഇടവക വെട്ടിക്കാട്ട് ബ. മൈക്കിളച്ചനെ നിയമിക്കുന്നു. പ്രോ പ്രോട്ടോസിഞ്ചലൂസ് എന്ന നിലയിൽ മെത്രാന്റെ ചുമതലകളിൽ പ്രത്യേകമാംവിധം പങ്കുചേരുന്ന ബ. മൈക്കിളച്ചന് തന്റെ പുതിയ ശുശ്രൂഷയ്ക്കടുത്ത വിധേയത്വവും അനുസരണവും നൽകുവാൻ നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരോടും സമർപ്പിതരോടും അത്മായ വിശ്വാസികളോടും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. എല്ലാവരുടെയും സഹകരണത്തോടെ തനിക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന ഈ പുതിയ ഉത്തരവാദിത്വം വിശ്വസ്തതാപൂർവ്വം നിറവേറ്റുവാൻ ഏവരും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ അതിരൂപതയിലെ സീറോ മലങ്കര സഭാ വിഭാഗത്തിന്റെ സിഞ്ചലൂസ് ആയി ദീർഘകാലം സേവനം ചെയ്ത കുരിശുംമൂട്ടിൽ ബ. തോമസച്ചനും തൽസ്ഥാനത്തുനിന്ന് വിരമിക്കുന്നതിനാൽ 2015 മെയ് 15 മുതൽ ക്നാനായ സീറോ മലങ്കര സഭാഘടകത്തിന്റെ സിഞ്ചലൂസ് ആയി കൈതാരത്തിൽ ബ. തോമസച്ചനെ ഞാൻ നിയമിക്കുന്നു. നമ്മുടെ അതിരൂപതയിലെ സീറോ മലങ്കര സഭാ സമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഏവരുടെയും പ്രാർത്ഥനയും സഹകരണവും വഴി ഫലപ്രദമാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

മോൺസിഞ്ഞോർ ഇളപ്പാനിക്കൽ ബ. മാത്യു അച്ചനും കുരിശുംമൂട്ടിൽ ബ. തോമസച്ചനും തങ്ങളുടെ ശുശ്രൂഷയിലൂടെ നമ്മുടെ അതിരൂപതയ്ക്കും ദൈവജനത്തിനും നല്കിയ എല്ലാ നന്മകളെയും ഏറെ നന്ദിയോടെ അനുസ്മരിക്കുകയും തുടർന്നും അവർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷകൾ ദൈവജനത്തിന് അനുഗ്രഹമായി തുടരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 മെയ് 17-ാം തീയതി ഞായറാഴ്ച നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിച്ചറിയിക്കേണ്ടതാണ്.